കളുടെ അവകാശങ്ങൾ സംരക്ഷിക്കുന്ന ചുരുക്കം ചില സംസ്ഥാനങ്ങളിലൊന്നാണ് കേരളം എന്ന് അഭിമാനത്തോടുകൂടി പറയാൻ കഴിയുന്ന സാഹചര്യമുണ്ട്. അതുകൊണ്ട് കേന്ദ്ര ഗവൺമെന്റ് പാസ്സാക്കിയിട്ടുള്ള പുതിയ നിയമങ്ങൾ കേരളത്തിന്റെ സാഹചര്യം അനുസരിച്ച് മാത്രമേ നടപ്പിലാക്കുകയുള്ളൂ. അത് സംബന്ധിച്ചുള്ള ചർച്ചകൾ നടക്കുകയാണ്. അതിന്റെ റൂൾസിനെ സംബന്ധിച്ച് ആലോചിച്ചുകൊണ്ടിരിക്കുകയാണ്. നിശ്ചയമായും കേരളത്തിലെ തൊഴിലാളി സംഘടനകളുമായും ബന്ധപ്പെട്ടവരുമായും ആലോചിച്ചു കൊണ്ടുമാത്രമേ അതിന് അവസാനരൂപം നൽകുകയുള്ളൂ എന്ന കാര്യം ഞാൻ ഉറപ്പുനൽകുയാണ്.

(ഡോ. എം. കെ. മുനീർ സീറ്റിലില്ലാതിരുന്നതിനാൽ രണ്ടാമത്തെ ശ്രദ്ധക്ഷണിക്കൽ അവതരിപ്പിച്ചില്ല.)

11.00 am]

മി. സ്പീക്കർ: ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ്, പ്രതിഷേധത്തിന്റെ ഭാഗമായി സഭയിൽ ബാനറും പ്ലക്കാർഡുകളും പ്രദർശിപ്പിക്കുന്നത് ശരിയല്ലെന്ന ചട്ടം സ്പീക്കറുടെ റൂളിംഗ് ഉദ്ധരിച്ച് ചെയറിൽനിന്ന് പറഞ്ഞതാണ്. സഭ ബഹിഷ്കരിക്കുമ്പോൾ ആ പ്രദർശന വസ്തുക്കളെല്ലാം അതത് സീറ്റിൽ വച്ചിട്ട് പോകുന്നത് വളരെ അനുചിതമായ നടപടിയാണ്.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, ബഹുമാനപ്പെട്ട അംഗങ്ങളാരും കയ്യടിക്കേണ്ട. ഇത് എല്ലാവരും കഴിഞ്ഞ കുറേ വർഷങ്ങളായി ചെയ്തുകൊണ്ടിരിക്കുന്ന കാര്യമാണ്. റൂൾസിൽ പറഞ്ഞിരിക്കുന്ന കാര്യമാണെന്ന് അങ്ങ് പറഞ്ഞതിനെ ഞാൻ പൂർണ്ണമായി അംഗീകരിക്കുന്നു. അങ്ങ് പറഞ്ഞതിനെ ഞാൻ ചോദ്യം ചെയ്യുന്നില്ല. ഇവരെല്ലാവരും ഇത് പിടിച്ചുകൊണ്ടുനിന്നിട്ടുള്ള ആളുകളാണ്. അവരാണ് ഇപ്പോൾ വലിയ ന്യായം പറയുന്നത്. ഇവിടെ എല്ലാവരും ഇത് ചെയ്തിട്ടുണ്ട്. ഇതിനേക്കാൾ വലിയ അതിക്രമങ്ങൾ കാണിക്കാൻ നേതൃത്വം കൊടുത്ത ആളുകളാണ്.

V സബ്മിഷൻ

(1) ആശ്വാസ കിരണം പദ്ധതിയിൽ അംഗമായവർക്കുള്ള ധനസഹായം

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, നമ്മുടെ നാട്ടിലെ കിടപ്പുരോഗികളെയും മാനസിക-ശാരീരിക വെല്ലുവിളി നേരിടുന്നവരെയും പരിചരിക്കുന്നവർക്ക് സഹായധനം നൽകുന്ന 'ആശ്വാസകിരണം' പദ്ധതി വളരെ പ്രധാനപ്പെട്ടതാണ്. കാരണം ജോലിക്ക് പോകാനോ പുറത്ത് എന്തെങ്കിലും കാര്യത്തിന് പോകാനോ കഴിയാതെ നിത്യദുഃഖത്തിൽ ജീവിതം തള്ളിനീക്കുന്ന

LIBRARY ARCHIVES Kerala Legislative Assembly

പാവങ്ങളാണ് അവർ. ഇരുപത്തിനാല് മണിക്കൂറും മക്കളുടേയോ ബന്ധുക്കളുടേയോ കൂടെനിന്ന് അവരെ ചികിത്സിക്കുന്നവരാണ്. ലോക്ഡൗണും കോവിഡും അവരിൽ ഏൽപ്പിച്ച ആഘാതം ഭീകരമാണ്. സാമൂഹ്യസുരക്ഷാ മിഷൻവഴി പ്രസ്തുത പദ്ധതിയിലൂടെ 600 രൂപയാണ് കൊടുക്കുന്നത്. 2018 മാർച്ച് മാസം മുതൽ ഇതുവരെ, ഇപ്പോൾ മൂന്ന് വർഷം കഴിഞ്ഞു, ഈ പാവങ്ങൾക്ക് ഒരു രൂപ കൊടുത്തിട്ടില്ല. കുഞ്ഞുങ്ങളെ അല്ലെങ്കിൽ പ്രായമായവരെ അവരോടൊപ്പംനിന്ന് നോക്കി ജീവിതകാലം മുഴുവൻ ബന്ധുക്കൾക്കുവേണ്ടി സമർപ്പിച്ച, ഏറ്റവും സഹായം അർഹിക്കുന്ന പാവപ്പെട്ടവർക്ക് മാസംതോറും കിട്ടുന്ന ആ തുക വളരെ വലിയ സഹായമായിരുന്നു. നിങ്ങൾ അവർക്ക് എല്ലാ പെൻഷനും കൊടുത്തുവെന്ന് പറഞ്ഞു. മൂന്ന് വർഷമായി ഒരു രൂപ പോലും നിങ്ങൾ കൊടുത്തിട്ടില്ല. മാത്രമല്ല, 86,000 അപേക്ഷകൾ വന്നതിൽ 50,000 അപേക്ഷകളിൽ ഇനിയും തീർപ്പ് കൽപ്പിക്കാനുണ്ട്. അവർ അർഹരാണോ അല്ലയോയെന്ന് തീർപ്പാക്കാതെ 50,000 അപേക്ഷകൾ സാമൂഹ്യസുരക്ഷാ മിഷന്റെ മുന്നിൽ പെൻഡിംഗാണ്. ഓട്ടിസം, സെറിബ്രൽ പാൾസി തുടങ്ങിയ മാനസിക-ശാരീരിക വെല്ലുവിളികൾ നേരിടുന്നവരെ പരിചരിക്കുന്ന കുടുംബാംഗങ്ങൾക്കാണ് ഈ തുക കൊടുക്കുന്നത്. അതുകൊണ്ട് അടിയന്തരമായി ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇക്കാര്യത്തിൽ ഒരു തീരുമാനമെടുത്ത് മൂന്ന് വർഷത്തെ കുടിശ്ശികയടക്കം ഒരു മാസംപോലും മുടങ്ങാതെ ഇവർക്ക് കൊടുക്കുന്ന ധനസഹായം പുനരാരംഭിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): സർ, 2010-ലെ എൽ.ഡി.എഫ്. സർക്കാർ ആരംഭിച്ചതാണ് ആശ്വാസ കിരണം പദ്ധതി. ഒരു മുഴുവൻ സമയ പരിചാരകന്റെ സേവനം ആവശ്യമായ വിധത്തിൽ തീവ്രമായ ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്നവരെയും പ്രായാധിക്യംകൊണ്ടോ കാൻസർ മുതലായ ഗുരുതര രോഗങ്ങളാലോ കിടപ്പിലാകുന്നവരെയും പരിചരിക്കുന്നവർക്ക് പ്രതിമാസ ധനസഹായം അനുവദിക്കുന്ന പദ്ധതിയാണ് ആശ്വാസ കിരണം. 2010-ൽ ആരംഭിച്ച ആശ്വാസ കിരണം പദ്ധതിയിൽ അംഗമാകുന്ന ഗുണഭോക്താവിന് പദ്ധതിയുടെ ആരംഭഘട്ടത്തിൽ 250 രൂപയായിരുന്നു നൽകിയിരുന്നത്. വിവിധ ഘട്ടങ്ങളിലായി ഈ തുക വർദ്ധിപ്പിച്ച് നിലവിൽ 600 രൂപയാണ് ഇപ്പോൾ നൽകിവരുന്നത്. 2011 മുതൽ 2016 മാർച്ച് വരെ കെട്ടിക്കിടന്ന 23,804 അപേക്ഷകളടക്കം തീർപ്പാക്കി 1,20,301 ഗുണഭോക്താക്കൾക്കുവരെ ധനസഹായം നൽകാൻ മുൻ പിണറായി വിജയൻ സർക്കാരിന്റെ ഭരണകാലത്ത് സാധിച്ചിട്ടുണ്ട്. 11-10-2012-ലെ സർക്കാർ ഉത്തരവ് പ്രകാരം ഈ പദ്ധതിയുടെ മാനദണ്ഡം ലഘൂകരിക്കുകയും ആനുകൂല്യം ലഭിക്കുന്ന ശയ്യാവലംബർ,

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ബുദ്ധിമാന്ദ്യം, ഓട്ടിസം, സെറിബ്രൽ പാൾസി, മാനസിക വൈകല്യമുള്ളവർ, മാനസിക രോഗികൾ, നൂറ് ശതമാനം അന്ധതയുള്ളവർ എന്നിവർക്കുപുറമെ പ്രായാധിക്യംകൊണ്ടും കാൻസർ മുതലായ പലവിധ ഗുരുതര രോഗങ്ങളാലും കിടപ്പിലായവരെയും ദൈനംദിന കാര്യങ്ങൾക്ക് പരസഹായം ആവശ്യമാകുകയും ചെയ്യുന്ന അവസ്ഥയിലുള്ള മുഴുവൻ ആളുകളുടെ പരിചാരകരെയും ഈ പദ്ധതിയിലുൾപ്പെടുത്തിയിട്ടുണ്ട്. തുടർന്ന് ഈ പദ്ധതിയുടെ ഗുണഭോക്താക്കളുടെ എണ്ണം വർഷംതോറും വലിയതോതിൽ കൂടിവരികയും തൻമൂലം ബഡ്ജറ്റ് വിഹിതത്തേക്കാൾ കൂടുതൽ തുക പദ്ധതിക്കാവശ്യമായി വരുന്ന സാഹചര്യം സംജാതമാകുകയും ചെയ്തു. ബഡ്ജറ്റ് വിഹിതംകൊണ്ട് കുടിശ്ശിക പൂർണ്ണമായും തീർത്തുനൽകാൻ കഴിയാത്ത സാഹചര്യത്തിൽ കഴിഞ്ഞ സാമ്പത്തിക വർഷം ബഡ്ജറ്റ് വിഹിതത്തിനുപുറമെ 58.12 കോടി രൂപ അധിക ധനാഭ്യർത്ഥനയിലൂടെ ലഭ്യമാക്കി ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തു. ആലപ്പുഴ, എറണാകുളം, പാലക്കാട് ജില്ലകളിലെ ഗുണഭോക്താക്കൾക്ക് 2020 ജനുവരി വരെയും മറ്റ് 11 ജില്ലകളിലെ ഗുണഭോക്താക്കൾക്ക് 2020 ഫെബ്രുവരി വരെയുമുള്ള ധനസഹായം 2021 ജനുവരിയിൽ ലഭ്യമാക്കിയിട്ടുണ്ട്. നിലവിൽ ഈ പദ്ധതിക്ക് 98,027 ഗുണഭോക്താക്കളാണുള്ളത്. തുടർന്നുള്ള മാസങ്ങളിലെ ആനുകൂല്യം അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് 7-7-2021-ൽ പ്രത്യേക വർക്കിംഗ് ഗ്രൂപ്പ് യോഗം ചേർന്ന് 40 കോടി രൂപ അനുവദിച്ചിട്ടുണ്ട്. എന്നാൽ അപ്രകാരം അനുവദിക്കുമ്പോൾ ഗുണഭോക്താക്കളുടെ ഇരട്ടിപ്പ് ഒഴിവാക്കുന്നതിനായി ലൈഫ് സർട്ടിഫിക്കറ്റ് ആധാറുമായി ബന്ധിപ്പിക്കുന്നതിന് അവശേഷിക്കുന്ന ഗുണഭോക്താക്കളുടെ ആധാർ ലിങ്കിംഗ് രണ്ട് മാസത്തിനകം Kerala Social Security Mission (KSSM) ഉറപ്പുവരുത്തേണ്ടതാണെന്ന നിബന്ധന ഉൾപ്പെടുത്തുകയുണ്ടായി. ഗുണഭോക്താക്കളിൽ മരണപ്പെട്ടവരെയും അനർഹരെയും ഒഴിവാക്കി ഗുണഭോക്തൃ ലിസ്റ്റ് പുനഃക്രമീകരിക്കാനാണ് ധനകാര്യ വകുപ്പ് നിർദ്ദേശം നൽകിയിരിക്കുന്നത്. എന്നാൽ കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ തീവ്രഭിന്നശേഷിയുള്ളവരുടേയും കിടപ്പുരോഗികളുടേയും ലൈഫ് സർട്ടിഫിക്കറ്റ് ശേഖരിക്കാനും ആധാർ ലിങ്കിംഗ് സമയബന്ധിതമായി പൂർത്തീകരിക്കാനും ഗുണഭോക്താക്കൾക്കുള്ള പ്രായോഗിക ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് പരമാവധി കുടിശ്ശിക ഓണത്തിന് മുമ്പുതന്നെ കൊടുത്തുതീർക്കണമെന്ന ഉദ്ദേശ്യത്തോടെ വർക്കിംഗ് ഗ്രൂപ്പ് മുന്നോട്ടുവച്ച നിബന്ധന താൽക്കാലികമായി ഇളവുചെയ്ത് കിട്ടുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയാണ്. ഈ പദ്ധതിയുടെ ഗുണഭോക്താക്കളോട് തികഞ്ഞ അനുഭാവമാണ് സർക്കാരിനുള്ളത്. അവശേഷിക്കുന്ന കുടിശ്ശിക തീർക്കുന്നതിനാവശ്യമായ തുക അധിക ധനാനുമതിയിലൂടെ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്.